BHARAT

07 September 2026

# സ്മാർട്ട്ഫോൺ ക്യാമറ മതി, മീനുകളുടെ അളവെടുക്കാൻ പുതിയ ആപ്പ്




ഫോൺ ക്യാമറ മീനുകളിലേക്ക് തിരിക്കുമ്പോൾ സ്ക്രീനിൽ തെളിയുന്ന പ്രത്യേക മെഷറിങ് ഗൈഡ് ഉപയോഗിച്ച് നീളവും വീതിയും കൃത്യമായി അളക്കാൻ സാധിക്കും. ഒരേ ഇനത്തിൽപ്പെട്ട ഒന്നിലധികം മീനുകളുടെ അളവുകൾ ഒരൊറ്റ സാമ്പിളിങ് സെഷനിൽ തന്നെ ആപ്പിൽ രേഖപ്പെടുത്താം. ഇങ്ങനെ ശേഖരിക്കുന്ന വിവരങ്ങൾ ആപ്പ് സ്വയം വർഗീകരിക്കുകയും ഭാവിയിലെ ശാസ്ത്രീയ പഠനങ്ങൾക്കായി ഡിജിറ്റലായി സൂക്ഷിക്കുകയും ചെയ്യും.

മത്സ്യങ്ങളുടെ വലുപ്പവും പ്രായവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നതിനും അവയുടെ വളർച്ചനിരക്ക് കണക്കാക്കുന്നതിനും ഈ വിവരങ്ങൾ ശാസ്ത്രജ്ഞർക്ക് വലിയ തോതിൽ സഹായകമാകും. കൂടാതെ മത്സ്യബന്ധന തുറമുഖങ്ങളിലും ലാൻഡിങ് സെൻ്ററുകളിലും തിരക്കിനിടയിൽ മീനുകളെ നേരിട്ട് അളക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് പുതിയ ആപ്പ് ശാശ്വത പരിഹാരമാണ്.

## നയരൂപീകരണത്തിന് സഹായകം

തീരദേശങ്ങളിലും ലാൻഡിങ് സെൻ്ററുകളിലും നടക്കുന്ന ഫീൽഡ് സർവേകളിലെ മത്സ്യവിവര ശേഖരണം വളരെ ലളിതവും ദ്രുതഗതിയിലുള്ളതുമാക്കാൻ മത്സ്യമെട്രി സഹായിക്കുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് വ്യക്തമാക്കി. പരമ്പരാഗത രീതികളിൽ ഉണ്ടാകുന്ന സമയനഷ്ടം ഒഴിവാക്കുന്നതോടൊപ്പം ശേഖരിക്കുന്ന ഡാറ്റയുടെ കൃത്യത ഉറപ്പാക്കാനും ഇതിലൂടെ സാധിക്കും.

സമുദ്രമത്സ്യ സംരക്ഷണത്തിനും വിഭവ പരിപാലനത്തിനും ആവശ്യമായ നയരൂപീകരണത്തിന് ഈ സാങ്കേതികവിദ്യ ഭാവിയിൽ ഏറെ പ്രയോജനം ചെയ്യും. കാലാവസ്ഥ വ്യതിയാനം ഉൾപ്പെടെയുള്ള വെല്ലുവിളികൾ നേരിടുന്ന സമുദ്രമേഖലയിൽ, മത്സ്യസമ്പത്തിൻ്റെ സുസ്ഥിരമായ നിലനിൽപ്പ് ഉറപ്പാക്കാൻ ഇത്തരം ഡിജിറ്റൽ സംവിധാനങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയുടെ സമുദ്രമത്സ്യ ഗവേഷണ ചരിത്രത്തിൽ സാങ്കേതികവിദ്യയുടെ മികച്ച ഉപയോഗമായാണ് ഈ കണ്ടെത്തൽ വിലയിരുത്തുന്നത്.